# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1813 16.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## <u>സ്വാശ്രയസംഘങ്ങളും കുടുംബശ്രീയും നടത്തുന്ന പണമിടപാടുകൾ</u>

### <u>ചോദ്യം</u>

ശ്രീ.പി.തിലോത്തമൻ

(എ) സ്വാശ്രയ സംഘങ്ങളും കുടുംബശ്രീകളും നടത്തുന്ന പണമിടപാടുകൾ പരിശോധിക്കുവാനും ഇതിന്റെ മറവിൽ അന്യായമായ പലിശ ഈടാക്കുന്നത് തടയുവാനും ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തുകൊണ്ടാണ് ഇപ്രകാരം തീരുമാനം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സ്വാശ്രയ സംഘങ്ങളുടെ ഇപ്രകാരമുള്ള പണമിടപാടുകൾ നിയമവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### <u>ഉത്തരം</u>

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) സ്വാശ്രയ സംഘങ്ങളും കുടുംബശ്രീകളും നടത്തുന്ന പണമിടപാടുകളെ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ അന്വേഷണം നടത്തി, പണമിടപാടുകൾ പരിശോധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥയ്ക്ക് എതിരാണെന്ന് വെളിവായാൽ ഈ സ്ഥാപനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ്, എൻ.എച്ച്.ജി. കൾ നടത്തുന്ന സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്നതിന് ക്ലാസ്സ്(കുടുംബശ്രീ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ് സൊസൈറ്റി) ടീമിനെ നിയമിച്ചിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷവും ക്ലാസ്സ് അംഗങ്ങൾ ഓരോ അയൽക്കൂട്ടവും, സി.ഡി.എസ്സും പരിശോധിച്ച് ഓഡിറ്റ് നടത്തി വരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അന്യായമായ പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾത്തന്നെ അത് അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(signature)

സെക്ഷൻ ഓഫീസർ